LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ ഇറക്കുമതി

141 [459] ശ്രീ. ടി. എം. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിരുന്ന തുറമുഖ നിയന്ത്രണം നീക്കം ചെയ്തിട്ടുണ്ടോ എന്നു അറിയിക്കാമോ;

(ബി) അത് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ വിലയെ എപ്രകാരം ബാധിച്ചു എന്നു വ്യക്തമാക്കാമോ;

(സി) റബ്ബർ ഇറക്കുമതിക്കുള്ള തുറമുഖ നിയന്ത്രണം വീണ്ടും ഏർപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) റബ്ബർ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിരുന്ന തുറമുഖ നിയന്ത്രണം കേന്ദ്രസർക്കാർ 2004 ഓഗസ്റ്റ് മാസത്തിൽ നീക്കം ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ ഇറക്കുമതിക്കുള്ള തുറമുഖനിയന്ത്രണം നീക്കം ചെയ്തപ്പോൾ റബ്ബറിന്റെ വിലനിലവാരത്തിൽ സംസ്ഥാനത്ത് ക്രമമായ കുറവുണ്ടായതായി കാണുന്നു. തുറമുഖനിയന്ത്രണം നിലവിലുണ്ടായിരുന്ന 2004 ജൂലൈ മാസത്തിൽ റബ്ബറിനു ശരാശരി വില കിന്റലിനു 6,599 രൂപയുണ്ടായിരുന്നത് ഓഗസ്റ്റ് മാസത്തിൽ 5,586 രൂപയായും സെപ്റ്റംബറിൽ 5,177 രൂപയായും ഒക്ടോബറിൽ 5,265 രൂപയായും നവംബർ മാസത്തിൽ 5,218 രൂപയായും ഡിസംബറിൽ 5,172 രൂപയായും കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു.

(സി) റബ്ബർ ഇറക്കുമതിക്കുള്ള തുറമുഖനിയന്ത്രണം വീണ്ടും ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതു കേന്ദ്രസർക്കാരാണ്. 2004 ആഗസ്റ്റ് മാസത്തിൽ തുറമുഖ നിയന്ത്രണം നീക്കംചെയ്ത അവസരത്തിൽത്തന്നെ ഈ നടപടി സംസ്ഥാനത്തെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കുമെന്നും അതിനാൽ തുറമുഖനിയന്ത്രണം തുടരണമെന്നും ആവശ്യപ്പെട്ടു കേന്ദ്രസർക്കാരിനു കത്തയച്ചിട്ടുണ്ട്.

വിള ഇൻഷ്വറൻസ് പരിരക്ഷ

142 [460] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
" ജോർജ് ജെ. മാത്യു:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കൃഷികൾക്കാണ് വിള ഇൻഷ്വറൻസ് പരിരക്ഷയുള്ളത്;

(ബി) കർഷകർക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് ആവശ്യമായ പ്രീമിയം അടയ്ക്കേണ്ടതാരാണ്;

(സി) ഗവൺമെന്റ് ഈ ഇനത്തിൽ പ്രീമിയം അടയ്ക്കേണ്ടതുണ്ടോ;

(ഡി) എങ്കിൽ ആലപ്പുഴ, പാലക്കാട്, കോട്ടയം ജില്ലകളിൽ വിള ഇൻഷ്വറൻസ് പ്രീമിയമായി എന്തു തുകയാണ് 2003, 2004 എന്നീ വർഷങ്ങളിൽ അടയ്ക്കേണ്ടിയിരുന്നത്;

(ഇ) തുക അടയ്ക്കാത്തതു കാരണം കർഷകർക്ക് കിട്ടേണ്ട ഇൻഷ്വറൻസ് തുക കിട്ടാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രീമിയം ഉടനെ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് വിള ഇൻഷ്വറൻസ് പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയും. ഇതിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ നെല്ല്, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, വാഴ, പൈനാപ്പിൾ എന്നീ ഹ്രസ്വകാല വിളകളെയും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.

(ബി, സി) രണ്ട് ഇൻഷ്വറൻസ് പദ്ധതികളിലും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് പ്രീമിയം അടയ്ക്കേണ്ടത് കർഷകർ തന്നെയാണ്. എന്നാൽ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയം തുകയിൽ സബ്സിഡി അനുവദിച്ചു വരുന്നു. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിച്ചു വരുന്നു.

(ഡി) പ്രീമിയം തുക അടയ്ക്കേണ്ടത് കർഷകരാണ്. എന്നാൽ 2003-2004 കാലയളവിൽ ആലപ്പുഴ, പാലക്കാട്, കോട്ടയം ജില്ലകളിലെ ചെറുകിട നാമമാത്ര കർഷകർക്ക് നൽകാനുള്ള പ്രീമിയം സബ്സിഡിയിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 11,71,874 രൂപ അടയ്ക്കേണ്ടിയിരിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർക്ക് ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിന് അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് സംസ്ഥാന വിഹിതമായി നൽകാനുള്ള തുക നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly